30
2025
മാർച്ച്
ഞായർ
മീനം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.111 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-111 | പേജ് 4. വില 2.00 രൂപ




02 ഉഷ്ണതരംഗ സാധ്യത മുന്നിൽക്കണ്ട് ജാഗ്രത തുടരണം: മുഖ്യമന്ത്രി
03 ലഹരിവിമുക്തരുടെ വിവരങ്ങൾ പൊലീസിന് കൈമാറില്ല: സൈക്യാട്രിക് സൊസൈറ്റി
04 പ്രളയ മുന്നറിയിപ്പ് സംവിധാനം ഒരുക്കാൻ ഒരുകോടി അനുവദിച്ചു: മന്ത്രി

# മ്യാൻമാറിലെ ഭൂകമ്പം മരണസംഖ്യ 1644 ആയി



നയ്പിഡോ: മ്യാൻമാറിലും തായ്‌ലാൻഡിലും കനത്തനാശം വിതച്ച ശക്തമായ ഭൂകമ്പത്തിൽ മരണസംഖ്യ ഉയരുന്നു. മ്യാൻമാറിൽ മരണസംഖ്യ 1,600 കവിഞ്ഞതായി മ്യാൻമാറിലെ സൈനിക ഭരണകൂടം പ്രസ്താവനയിൽ അറിയിച്ചു. മരിച്ചവരുടെ എണ്ണം 1,644 ആയി ഉയർന്നതായും 3,408 പേർക്ക് പരിക്കേറ്റതായും സൈനിക ഭരണകൂടത്തെ ഉദ്ധരിച്ച് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 139 പേരെ കാണാനില്ലെന്നും പ്രസ്താവനയിൽ പറയുന്നു. അയൽരാജ്യമായ തായ്‌ലൻഡിൽ ഭൂകമ്പത്തിൽ 10 പേരാണ് മരിച്ചത്.

ഭൂകമ്പമാപിനിയിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ വലിയ തോതിൽ ആൾനാശവും വ്യാപകമായ നാശനഷ്ടങ്ങളും ഉണ്ടായേക്കാമെന്നും മരണസംഖ്യ 10, 000 കവിയാൻ സാധ്യതയുണ്ടെന്നും യുണൈറ്റഡ് സ്റ്റേറ്റ്സ് ജിയോളജിക്കൽ സർവേ (യുഎസ്ജിഎസ്) മുന്നറിയിപ്പ് നൽകി. ആയിരത്തിലേറെപ്പേർ മരിച്ചിരിക്കാമെന്നാണ് നേരത്തെ യു. എസ്. ജിയോളജിക്കൽ സർവേ അറിയിച്ചിരുന്നത്.

ഇരുരാജ്യങ്ങളിലും രക്ഷാദൗത്യം തുടരുകയാണ്. കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിലും ശക്തമാക്കിയിട്ടുണ്ട്. കെട്ടിടാവശിഷ്ടങ്ങളിലും മറ്റും ആളുകൾ കുടുങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ മരണസംഖ്യ ഉയർന്നേക്കുമെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. തലസ്ഥാനമായ നയ്പിഡോ ഉൾപ്പെടെ മ്യാൻമാറിലെ ആറ് പ്രവിശ്യകളിൽ പട്ടാളഭരണകൂടം ദുരന്തകാല അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്.

വെള്ളിയാഴ്ച പ്രാദേശികസമയം ഉച്ചയ്ക്ക് 12.50ഓടെയാണ് ഭൂചലനമുണ്ടായത്. 6.8 ത്രീവ്രത രേഖപ്പെടുത്തിയതുൾപ്പെടെ ആറ് തുടർചലനങ്ങളുമുണ്ടായി. മ്യാൻമാറിലെ രണ്ടാമത്തെ വലിയ നഗരമായ മാൻഡലെയിലാണ് ഭൂകമ്പം കനത്തനാശം വിതച്ചത്.

## പ്ലസ് വൺ ഇംപ്രൂവ്മെൻറ് പരീക്ഷക്കിടെ ആൾമാറാട്ടം; ബിരുദ വിദ്യാർഥി അറസ്റ്റിൽ

കോഴിക്കോട്: പ്ലസ് വൺ ഇംപ്രൂവ്മെൻറ് പരീക്ഷക്കിടെ ആൾമാറാട്ടം. കോഴിക്കോട് നാദാപുരത്ത് കടമേരി ആർഎസി എച്ച്എസ്എസിൽ ആണ് സംഭവം. പ്ലസ് വൺ വിദ്യാർഥിക്ക് പകരം പരീക്ഷയെഴുതിയ ബിരുദ വിദ്യാർഥിയെ അറസ്റ്റു ചെയ്തു. മൊഹമ്മദ് ഇസ്മയിൽ ആണ് അറസ്റ്റിലായത്.

ഇംഗ്ലീഷ് ഇംപ്രൂവ്മെൻറ് പരീക്ഷക്കിടെയാണ് ആൾമാറാട്ടം നടന്നത്. ഹോൾ ടിക്കറ്റിൽ കൃത്രിമം നടത്തിയ ശേഷമായിരുന്നു ബിരുദ വിദ്യാർഥി പരീക്ഷയെഴുതാൻ എത്തിയത്.

തുടർന്ന് ആൾമാറാട്ടം നടന്നതായി മനസിലായ അധ്യാപകൻ പ്രിൻസിപ്പലിനെ വിവരമറിയിക്കുകയും തുടർന്ന് പോലീസിൽ പരാതി നൽകുകയുമായിരുന്നു. പിടിയിലായ വിദ്യാർഥിയെ ഞായറാഴ്ച കോടതിയിൽ ഹാജരാക്കും.

## എമ്പുരാനിൽ 17 കട്ട്; ബുധനാഴ്ച തിയേറ്ററിലെത്തും



കൊച്ചി: മോഹൻലാൽപൃഥ്വിരാജ് കൂട്ടുകെട്ടിൽ ഒരുങ്ങിയ എമ്പുരാന് നിർമ്മാതാക്കളുടെ കട്ട്. 17 രംഗങ്ങൾ ഒഴിവാക്കിയും ചില പരാമർശങ്ങൾ മ്യൂട്ട് ചെയ്തും സെൻസർ ചെയ്ത ചിത്രം ബുധനാഴ്ചയോടെ തിയേറ്ററുകളിൽ എത്തും. ചിത്രത്തിലെ പ്രധാന വില്ലന്റെ പേരിലും മാറ്റം വരുത്തും. വ്യാപക പ്രതിഷേധത്തെ തുടർന്ന് ചിത്രത്തിന്റെ നിർമാതാക്കൾ തന്നെയാണ് മാറ്റം ആവശ്യപ്പെട്ടത്.

ഇക്കഴിഞ്ഞ 27നാണ് എമ്പുരാൻ റിലീസ് ചെയ്തത്. 2019ൽ പുറത്തിറങ്ങിയ ലൂസിഫറിന്റെ രണ്ടാം ഭാഗമായി ഒരുക്കിയ എമ്പുരാന് വേണ്ടി വലിയ കാത്തിരിപ്പിലായിരുന്നു പ്രേക്ഷകർ. എന്നാൽ, റിലീസിന് പിന്നാലെ ചിത്രം ചർച്ച ചെയ്ത രാഷ്ട്രീയവും ചിത്രത്തിലെ ചില പരാമർശങ്ങളും വലിയ വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. സംഘ്പരിവാർ അനുകൂല സംഘടനകളടക്കം ചിത്രത്തിനെതിരേ രംഗത്തെത്തി.

ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ, പ്രധാന വില്ലന്റെ ബജ്‌റംഗി എന്ന പേര്, സ്ത്രീകൾക്കെതിരായ അക്രമദൃശ്യങ്ങൾ, എന്നിവ ഒഴിവാക്കും. ദേശീയ അന്വേഷണ ഏജൻസിയുമായി ബന്ധപ്പെട്ട ചില ഭാഗങ്ങളിൽ മ്യൂട്ട് ചെയ്യുന്നത് ഉൾപ്പെടെ 17 ഇടങ്ങളിലാകും കട്ട് വരുന്നത്. നേരത്തെ ചിത്രം സെൻസർ ചെയ്ത ബോർഡിനെ ഒഴിവാക്കി പുതിയ ബോർഡ് സെൻസർ ചെയ്ത ചിത്രം ബുധനാഴ്ചയോടെ പ്രേക്ഷകനിലേക്ക് എത്തുമെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം.

## ദിവ്യയുടെ പ്രസംഗം നവീൻ ബാബു ജീവനൊടുക്കാൻ പ്രേരണയായി, കുറ്റപത്രം സമർപ്പിച്ചു

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിച്ചു. അന്വേഷണ ഉദ്യോഗസ്ഥനായ കണ്ണൂർ ടൗൺ സിഐ കണ്ണൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നേരിട്ടെത്തിയാണ് കുറ്റപത്രം സമർപ്പിച്ചത്. 400 ൽ അധികം പേജുകൾ ഉള്ള കുറ്റപത്രമാണ് സമർപ്പിച്ചത്.

97 സാക്ഷികളാണ് കേസിലുള്ളത്. സിപിഎം നേതാവും കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷയുമായിരുന്ന പി.പി. ദിവ്യയാണ് കേസിലെ ഏക പ്രതി. പി.പി. ദിവ്യ കുറ്റക്കാരിയാണെന്നും കുറ്റപത്രത്തിൽ പറയുന്നു.

നവീൻ ബാബുവിനെ അപമാനിക്കാൻ ദിവ്യ ആസൂത്രണം നടത്തി. വീഡിയോ ചിത്രീകരിക്കാൻ പ്രാദേശിക ചാനലിനെ ഏർപ്പാടാക്കിയത് ദിവ്യ തന്നെയാണ്. ദിവ്യയുടെ പ്രസംഗം നവീൻ ബാബു ജീവനൊടുക്കാൻ പ്രേരണയായി.

സ്വന്തം ഫോണിൽനിന്ന് ദിവ്യ പ്രസംഗ ദൃശ്യങ്ങൾ പ്രചരിപ്പിച്ചു. യാത്രയയപ്പ് യോഗത്തിലേക്ക് ക്ഷണമില്ലാതെ പോയത് നവീൻ ബാബുവിനെ അപമാനിക്കാൻ ലക്ഷ്യമിട്ടാണ്. സംഭവത്തിൽ ആത്മഹത്യാ കുറിപ്പോ മറ്റ് കാരണങ്ങളോ കണ്ടെത്താനായിട്ടില്ലെന്നും കുറ്റപത്രത്തിൽ പറയുന്നു.

എഡിഎമ്മിനെതിരേ ദിവ്യ പദവിയും അധികാരവും ഉപയോഗിച്ചു. പ്രശാന്തനും ദിവ്യയും ഗൂഢാലോചന നടത്തിയതിന് തെളിവില്ലെന്നും കുറ്റപത്രത്തിൽ പറയുന്നു.

ഒക്ടോബർ 15 നാണ് നവീൻ ബാബുവിനെ പള്ളിക്കുന്നിലെ താമസസ്ഥലത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചെങ്കിലും അനുകൂല വിധിയുണ്ടാകാത്തതിനാൽ സുപ്രീംകോടതിയെ സമീപിക്കാനൊരുങ്ങുകയാണ് കുടുംബം.

## ഈ സാമ്പത്തിക വർഷം ട്രഷറിയിലൂടെ നടന്നത് 24000 ലധികം കോടി രൂപയുടെ സാമ്പത്തിക ഇടപാട്: മന്ത്രി കെ എൻ ബാലഗോപാൽ

2024–25 സാമ്പത്തിക വർഷം 24,000ലധികം കോടി രൂപയുടെ സാമ്പത്തിക ഇടപാടുകൾ സംസ്ഥാന ട്രഷറിയിലൂടെ നടന്നതായി ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു.

സാമ്പത്തിക വർഷത്തിന്റെ അവസാന ദിനത്തെ പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലാ ട്രഷറി സന്ദർശിച്ച് വിലയിരുത്തിയതിന് ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

സാമ്പത്തിക വർഷത്തിലെ അവസാന ദിനത്തെ കണക്ക് കൂടി വരുമ്പോൾ ഇടപാട് 26000 കോടി രൂപയിൽ കൂടും.

മാർച്ച് മാസത്തെ അവസാന പ്രവൃത്തി ദിനം 29 ആയതിനാൽ 26–ാം തീയതി വരെ ബില്ലുകൾ സമർപ്പിക്കുവാൻ സമയം അനുവദിച്ചിരുന്നു. ഇതനുസരിച്ച് മുൻകൂട്ടിയുള്ള ക്രമീകരണങ്ങൾ ധനകാര്യ വകുപ്പും ട്രഷറിയും സ്വീകരിച്ചു. സമർപ്പിച്ച മുഴുവൻ ബില്ലുകളിലും സമയ ബന്ധിതമായി നടപടി പൂർത്തിയാക്കി. മാർച്ച് 28 ന് മാത്രം 26000 ത്തോളം ബില്ലുകളിലാണ് നടപടികൾ സ്വീകരിച്ചത്. ബജറ്റ് പ്രഖ്യാപന വേളയിൽ പ്രഖ്യാപിച്ച പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കടക്കമുള്ള പ്ലാൻ ഫണ്ട് പൂർണമായും അനുവദിച്ചു എന്നതും ശ്രദ്ധേയമാണ്. കൃത്യ സമയത്ത് ബില്ലുകളിൽ നടപടി സ്വീകരിച്ച് സമയ ബന്ധിതമായി തുക അനുവദിക്കുന്നതിന് കാരണക്കാരായ ധനകാര്യ വകുപ്പിലെയും ട്രഷറിയിലെയും ജീവനക്കാരെ അഭിനന്ദിക്കുന്നു. കഠിനാധ്വാനവും അധിക സമയത്തുള്ള ഉദ്യോഗസ്ഥരുടെ കൃത്യ നിർവഹണവും സമയ പരിമിതിയെ മറികടക്കാൻ സഹായിച്ചു.

പ്രതിസന്ധിക്കിടയിലും കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും മന്ത്രി അറിയിച്ചു. ട്രഷറി വകുപ്പ് ഡയറക്ടർ വി സാജൻ മന്ത്രിയോടൊപ്പം സന്ദർശനത്തിൽ പങ്കെടുത്തു.



ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ സാമ്പത്തിക വർഷത്തിന്റെ അവസാന ദിനത്തെ പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലാ ട്രഷറി സന്ദർശിച്ച് വിലയിരുത്തുന്നു

## ഛത്തീസ്ഗഢിൽ 17 മാവോവാദികളെ വധിച്ചു

ദന്തേവാഡ: ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ ശനിയാഴ്ച നടന്ന ഏറ്റുമുട്ടലിൽ 17 മാവോവാദികൾ കൊല്ലപ്പെട്ടു. തലയ്ക്ക് 25 ലക്ഷം വിലയിട്ട മാവോവാദി കമാൻഡർ ജഗദീഷ് എന്ന ബുദ്രയും കൊല്ലപ്പെട്ടവരിലുണ്ട്. 2013ൽ, ഛത്തീസ്ഗഢ് മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന നന്ദ്കുമാർ പട്ടേൽ കൊല്ലപ്പെട്ട ആക്രമണത്തിലെ പ്രധാന പ്രതിയായിരുന്നു ഇയാൾ. കോൺഗ്രസ് നേതാക്കളും സുരക്ഷാ ഉദ്യോഗസ്ഥരുമടക്കം 25 പേരാണ് ജിറാം വാലിയിൽ അന്നുണ്ടായ ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

ഛത്തീസ്ഗഢിൽ നിരവധി ഡിആർജി ജവാൻമാർക്ക് ജീവൻ നഷ്ടപ്പെട്ട 2023ലെ അരൺപുർ ആക്രമണത്തിലും ജഗദീഷിന് പങ്കുണ്ടെന്നാണ് ആരോപണം. ജഗദീഷ് വർഷങ്ങളായി സുരക്ഷാ ഏജൻസികളുടെ നിരീക്ഷണത്തിലായിരുന്നുവെന്നും ഇയാളുടെ മരണം മാവോയിസ്റ്റുകൾക്കെതിരായ പോരാട്ടത്തിലെ പ്രധാന വിജയമാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.





സ്ഥാപനങ്ങളുടെ മികവിനുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വിതരണം ചെയ്യുന്നു.

# 2 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

### * എൻ.ക്യു.എ.എസ്., മുസ്കാൻ അംഗീകാരങ്ങൾ

സംസ്ഥാനത്തെ 2 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മക്കട ജനകീയ ആരോഗ്യ കേന്ദ്രം 90.35 ശതമാനം സ്കോറോടെ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരവും, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി 93.66 ശതമാനം സ്കോറോടെ മുസ്കാൻ അംഗീകാരവും നേടി. ഇതോടെ സംസ്ഥാനത്തെ ആകെ 217 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും, 4 ആശുപത്രികൾക്ക് മുസ്കാൻ അംഗീകാരം ലഭിച്ചു.

സംസ്ഥാനത്ത് 5 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 43 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 148 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 5 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

മികച്ച ശിശു സംരക്ഷണ കേന്ദ്രങ്ങൾക്കാണ് ദേശീയ മുസ്കാൻ പുരസ്കാരം നൽകുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്., വയനാട് മാനന്തവാടി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളാണ് മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയിട്ടുള്ളത്. പ്രസവം നടക്കുന്ന ആശുപത്രികളിൽ ഗുണനിലവാരം ഉറപ്പ് വരുത്തിയതിന് 12 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

എൻ.ക്യു.എ.എസ്., മുസ്കാൻ അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

# തൊഴിലാളി ക്ഷേമത്തിലും തൊഴിലുടമകളെ പിന്തുണയ്ക്കുന്നതിലുമാണ് സർക്കാരിന്റെ ശ്രദ്ധ : മന്ത്രി വി ശിവൻകുട്ടി

### മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു

മികച്ച തൊഴിലാളി ക്ഷേമ പദ്ധതികളും നയങ്ങളും പരിപാടികളും നടപ്പിലാക്കി കേരളത്തിന്റെ തൊഴിൽ ചരിത്രത്തിലെ ഏറ്റവും മികച്ച കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ഏറ്റവും കുറഞ്ഞ തൊഴിൽ തർക്കങ്ങൾ, രാജ്യത്ത് തന്നെ മികച്ച കൂലി, തൊഴിൽസുരക്ഷ, വിവേചന രഹിത തൊഴിലിടങ്ങൾ തുടങ്ങി ഒട്ടേറെ മികച്ച സൂചകങ്ങളാണ് ഇപ്പോൾ തൊഴിലുമായി ബന്ധപ്പെട്ട് കേരളത്തിലുള്ളത്. തൊഴിലിടങ്ങളുടെ വളർച്ച തൊഴിലാളികളുടെ വ്യക്തിപരമായ വളർച്ചയുടെ ഏറ്റവും അടിസ്ഥാന ഘടകമാണെന്ന തിരിച്ചറിവ് തൊഴിലാളികൾക്കുണ്ട്. അതുകൊണ്ട് തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്ന നടപടികൾക്കൊപ്പം തൊഴിലുടമകൾക്ക് ആവശ്യമായ സൗകര്യങ്ങളും പിന്തുണയും ഉറപ്പാക്കാനും സർക്കാർ അങ്ങേയറ്റം ശ്രദ്ധിക്കുന്നതായി മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

തൊഴിലാളികളുടെ ഉയർച്ച തൊഴിലുടമകൾ ലക്ഷ്യമാക്കണം. തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുമ്പോൾ നിയമങ്ങളുടെയും നിർദ്ദേശങ്ങളുടെയും മാത്രം നൂലു പിടിക്കേണ്ടതില്ല. തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉയർച്ചകൂടി തൊഴിലുടമകൾ ലക്ഷ്യമാക്കി പ്രവർത്തിച്ചാൽ അത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. തൊഴിലാളികളുടെ വിയർപ്പിന്റെ കൂടി വിലയാണ് തങ്ങളുടെ വിജയത്തിന്റെ അടിസ്ഥാനം എന്നത് മനസ്സിലാക്കിയാൽ സ്വമേധയാ അത്തരം തീരുമാനങ്ങളിലേക്കെത്താൻ ബുദ്ധിമുട്ടുണ്ടാകുകയില്ല.

തൊഴിലാളി തൊഴിലുടമാ ബന്ധം കൂടുതൽ ദൃഢവും കാര്യക്ഷമവുമാക്കുന്നതിനും അതത് മേഖലകളിൽ ആരോഗ്യകരമായ മത്സരം ഉറപ്പാക്കുന്നതിനുമായാണ് സർക്കാർ ഈ മേഖലയിൽ അവാർഡുകൾ പ്രഖ്യാപിച്ചുട്ടുള്ളത്.

മികച്ച തൊഴിലാളികൾക്കും തൊഴിലിടങ്ങൾക്കും അവാർഡുകൾ നൽകുന്ന ഒരേ ഒരു സംസ്ഥാനം നമ്മുടേതാണ്. 19 മേഖലയിലെ തൊഴിലാളികൾക്കും 13 മേഖലകളിലെ തൊഴിലിടങ്ങൾക്കും സർക്കാർ അവാർഡ് നൽകിവരുന്നു. മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടത്തിലെ സുരക്ഷ, തൊഴിൽനിയമ പരിപാലനം എന്നിങ്ങിനെയുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയിട്ടാണ് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തിയതെന്നും മന്ത്രി അറിയിച്ചു.

അവാർഡിന് അർഹമായ ടാറ്റ പ്രൊജക്ട് ലിമിറ്റഡ് തിരുവനന്തപുരം (നിർമ്മാണം), അർത്ഥ ഫൈനാൻഷ്യൽ സർവീസസ് കോഴിക്കോട് (ധനകാര്യം), കിംസ് ഹെൽത്ത് കെയർ മാനേജ്മെന്റ് ലിമിറ്റഡ് തിരുവനന്തപുരം (ആശുപത്രി), ഹോട്ടൽ അബാദ് എറണാകുളം (ഹോട്ടൽ), സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് തിരുവനന്തപുരം (ഇൻഷുറൻസ്), എസ് ബി സോൾ ഡിജിറ്റൽ പ്രൈ. ലിമിറ്റഡ് എറണാകുളം (ഐ.ടി.), ആലുക്കാസ് ജുവലറി കോഴിക്കോട് (ജുവലറി), ഡോ. ഗിരിജാസ് ഡയഗ്നോസ്റ്റിക് ലാബ് ആന്റ് സ്കാൻസ് ലിമിറ്റഡ് തിരുവനന്തപുരം (മെഡിക്കൽ ലാബ് / എക്സ്റേ / സ്കാനിംഗ് സെന്റർ), കേരള എക്സ് സർവ്വീസ് മെൻ വെൽഫെയർ അസോസിയേഷൻ എറണാകുളം (സെക്യൂരിറ്റി), ക്രൗൺ പ്ലാസ എറണാകുളം (സ്റ്റാർ ഹോട്ടലുകളും റിസോർട്ടുകളും), ആഷിസ് സൂപ്പർ മെർകാട്ടോ എറണാകുളം (സൂപ്പർ മാർക്കറ്റ്), ഇടപ്പറമ്പിൽ ടെക്സ്റ്റയിൽസ് കോട്ടയം (ടെക്സ്റ്റയിൽ) എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് മന്ത്രി അവാർഡുകൾ സമ്മാനിച്ചു.

ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി, ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ, ഐ.എൻ.ടി.യു.സി സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, എ.ഐ.ടി.യു.സി. സെക്രട്ടറി അഡ്വ. ആർ സജിലാൽ, ബി.എം.എസ് പ്രസിഡണ്ട് ശിവജി സുദർശൻ,

കേരള വ്യാപാര വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി നാഷണൽ ഐ ആർ കമ്മിറ്റി അംഗം മധു ദാമോദരൻ, കേരള മർച്ചന്റ്സ് ചേമ്പർ ഓഫ് കോമേഴ്സ് വൈസ് പ്രസിഡന്റ് പി ഡി മനോജ് കുമാർ, തൊഴിലാളി തൊഴിലുടമാ പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികൾക്ക് അവധിക്കാല പരിശീലനം

കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സി-ഡിറ്റ് അഞ്ചു മുതൽ പ്ലസ്ടു വരെയുള്ള സ്കൂൾ വിദ്യാർഥികൾക്കായി അവരുടെ അഭിരുചിക്കനുസരിച്ച് സ്കൂൾ പാഠ്യ പദ്ധതിക്ക് അനുയോജ്യമായ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയിലെ വിവിധ സാങ്കേതികത കോർത്തിണക്കി വെക്കേഷൻ ഉത്സവ് എന്ന പേരിൽ വർഷങ്ങളായി അവധിക്കാല പരിശീലനം നടത്തിവരുകയാണ്.

കുട്ടികൾക്ക് ഉപകാരപ്പെടുന്ന തരത്തിൽ നിലവിലുള്ള കോഴ്സ് നവീകരിച്ച് ജൂനിയർ-3 കോഴ്സുകൾ, സീനിയർ-11 കോഴ്സുകൾ എന്നിങ്ങനെ രണ്ടു തരത്തിലാണ് തുടർന്ന് നടത്തുക. ബേസിക്സ് ഓഫ് ആനിമേഷൻ, മൾട്ടിമീഡിയ പ്രസന്റേഷൻ, ബേസിക്സ് ഓഫ് ഓഫീസ് പാക്കേജസ്, ആനിമേഷൻ, ഗ്രാഫിക് ഡിസൈനിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ചാറ്റ് ജി.പി.റ്റി, സ്പ്രെഡ്ഷീറ്റ് വിത്ത് എ.ഐ, ഓഫീസ് പാക്കേജസ് വിത്ത് എ.ഐ, ഇൻട്രോഡക്ഷൻ ടു അക്കൗണ്ടിംഗ് പാക്കേജസ്, പ്രോഗ്രാമിങ് ഇൻ സി, പ്രോഗ്രാമിങ് ഇൻ സി പ്ലസ് പ്ലസ്, പ്രോഗ്രാമിങ് ഇൻ പൈത്തൺ, പ്രോഗ്രാമിങ് ഇൻ ജാവ, വെബ് ഡിസൈനിങ് എന്നിവയിലാണ് പരിശീലനം. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സി-ഡിറ്റിന്റെ അംഗീകൃത പരിശീലനകേന്ദ്രങ്ങൾ വഴിയാണ് കുട്ടികൾക്ക് രണ്ടു മാസത്തെ പരിശീലനം നൽകുന്നത്.

ക്ലാസുകൾ ഏപ്രിൽ ഒന്നിന് ആരംഭിച്ചു മെയ് 31ന് അവസാനിക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ടെക്സ്റ്റ് ബുക്കും സ്കൂൾബാഗും സൗജന്യമായി നൽകും. പരിശീലനത്തിൽ മികവ് പുലർത്തുന്ന വിദ്യാർഥികൾക്ക് പ്രത്യേക അവാർഡും നൽകും. കൂടുതൽ വിവരങ്ങൾക്ക്: ൦൦൦.ലേ.റ൨ശ.ീൃഴ , ഫോൺ: 9895889892.

# നോളെജ് ഇക്കോണമി മിഷൻ വനിതാ ദിനത്തിൽ നടത്തിയ പ്രത്യേക പ്ലേസ്മെന്റ് ഡ്രൈവിൽ 250 വിദ്യാർഥിനികൾക്ക് തൊഴിൽ

### ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളിൽ, പ്രധാന നഗരങ്ങളിലാണ് നിയമനം ലഭിക്കുക

കേരള നോളെജ് ഇക്കോണമി മിഷൻ ഇക്കഴിഞ്ഞ വനിതാദിനത്തിൽ കോളേജ് വിദ്യാർഥിനികൾക്കായി നടത്തിയ പ്രത്യേക പ്ലേസ്മെന്റ് ഡ്രൈവിൽ 250 പേർക്ക് ജോലി ലഭിച്ചു. ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളായ ടാറ്റാ ഇലക്ട്രോണിക്സ്, ഗെയിൻ അപ് ഇൻഡസ്ട്രീസ്, അപ്പോളോ ടയേഴ്സ് എന്നിവിടങ്ങളിലാണ് നിമയനം. കോളേജുകളിലെ അവസാനവർഷ വിദ്യാർഥിനികളാണ് ഓൺലൈനായി നടന്ന അഭിമുഖങ്ങളിൽ പങ്കെടുത്തത്. ഇതിൽ ടാറ്റാ ഇലക്ട്രോണിക്സിൽ 82 പേരും ഗയിൻ അപ് ഇൻഡസ്ട്രീസിൽ 57 പേരും അപ്പോളോ ടയേഴ്സിൽ 111 പേരുമാണ് ജോലി കരസ്ഥമാക്കിയത്. നിയമനം ലഭിച്ച വിദ്യാർഥിനികൾ ബാംഗ്ലൂർ, ചെന്നൈ, ദിണ്ടിഗൽ എന്നീ നഗരങ്ങളിലെ യൂണിറ്റുകളിലായിരിക്കും ജോലിയിൽ പ്രവേശിക്കുക. പ്രൊഡക്ഷൻ അസംബിൾ ആൻഡ് ക്വാളിറ്റി, ജൂനിയർ എഞ്ചിനീയർ, അസംബ്ലിങ്ങ് ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്കാണ് നിയമനം.സ്ത്രീകളെ വിജ്ഞാന തൊഴിലിലേക്ക് എത്തിക്കുന്നതിനായി കേരള നോളെജ് ഇക്കോണമി മിഷൻ നടത്തിവരുന്ന തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതിയുടെ ഭാഗമായാണ് വനിതാദിനത്തിൽ വിദ്യാർഥിനികൾക്കായി പ്രത്യേക പ്ലെയ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിച്ചത്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിസ് (ഇകക) ന്റെ സഹകരണത്തോടെയായിരുന്നു പരിപാടി.

# അഭിമുഖം

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന സ്പെഷ്യലിസ്റ്റ് ഗൈനക്കോളജിസ്റ്റ് തസ്തികയിലേക്ക് താൽകാലിക നിയമനത്തിന് ഏപ്രിൽ 10 രാവിലെ 10.30 ന് അഭിമുഖം നടത്തും.

എം.ബി.ബി.എസ്, ഗൈനക്കോളജിയിൽ പി.ജി. അല്ലെങ്കിൽ പി.ജി. ഡിപ്ലോമ, ടി.സി.എം.സി. പെർമനന്റ് രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0484 2386000.

# ഉഷ്ണതരംഗ സാധ്യത മുന്നിൽക്കണ്ട് ജാഗ്രത തുടരണം: മുഖ്യമന്ത്രി

സംസ്ഥാനത്തെ വേനൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ ഉഷ്ണതരംഗ സാധ്യത മുന്നിൽക്കണ്ട് ജാഗ്രത തുടരണമെന്നും വകുപ്പുകൾ ഏകോപിതമായ പ്രവർത്തനങ്ങൾ നടത്തണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ഉഷ്ണതരംഗ സാധ്യത തുടരുന്ന സാഹചര്യം, മഴക്കാല പൂർവ ശുചീകരണം, ആരോഗ്യ ജാഗ്രത- പകർച്ച വ്യാധി പ്രതിരോധ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വേനൽമഴ ലഭിക്കുന്നതിനാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വൈകിട്ടത്തെ ചൂടിൽ കുറവ് അനുഭവപ്പെടുമെങ്കിലും ജാഗ്രതയിൽ കുറവുണ്ടാകാൻ പാടില്ല. ഇതിനായി ഉഷ്ണതരംഗത്തെ മറികടക്കാൻ കഴിയുന്ന നിർദ്ദേശങ്ങളും ജാഗ്രതാ സന്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കണം. പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തും. ഇതിനായി വിവിധ സംഘടനകളും സ്ഥാപനങ്ങളുമായി സഹകരിക്കും. തണ്ണീർ പന്തലുകൾ വ്യാപകമാക്കണം. ഓട്ടോ, ടാക്സി ഡ്രൈവർമാർ, ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികൾ, ഹോട്ടലുകളുടെ മുന്നിൽ സെക്യൂരിറ്റിയായി നിൽക്കുന്നവർ എന്നിവർക്കും വിശ്രമകേന്ദ്രങ്ങളും ശുദ്ധമായ കുടിവെള്ളവും ഉറപ്പുവരുത്തണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പുതുക്കിയ സമയക്രമം ഉറപ്പുവരുത്തുന്നതോടൊപ്പം ആവശ്യമായ വിശ്രമവും കുടിവെള്ളവും ലഭ്യമാക്കേണ്ടതുമാണ്. ടൂറിസ്റ്റുകൾക്കിടയിൽ ഉഷ്ണതരംഗ ജാഗ്രതാനിർദേശങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉഷ്ണതരംഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് താലൂക്ക്തല ആശുപത്രികളിൽ ചികിത്സാ സൗകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കും. തീപിടുത്ത സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കും. ജലക്ഷാമം മുൻകൂട്ടി മനസ്സിലാക്കി പ്രാദേശിക തലത്തിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജലസംഭരണികൾ ശുചീകരിച്ചും പരമാവധി വേനൽ മഴയിലൂടെയുള്ള ജലം സംഭരിച്ചും നിലവിലെ പ്രതിസന്ധികളെ ഇല്ലാതാക്കണമെന്നും മുഖ്യമന്ത്രി വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് ചൂടിൽ നിന്നാവശ്യമായ സംരംക്ഷണം നൽകുന്നത് പോലെ അലഞ്ഞു തിരിയുന്ന മൃഗങ്ങളുടെ കാര്യത്തിലും ശ്രദ്ധ ഉണ്ടാകണമെന്നതിനാൽ ഇവയ്ക്കാവശ്യമായ ശുദ്ധജലമടക്കം ഉറപ്പ് വരുത്തണം. വനം- വന്യജീവി സംഘർഷം പരമാവധി കുറക്കുന്നതിന് വനത്തിനുള്ളിലെ ജലലഭ്യതയും ജലസംഭരണികളുടെ സംരക്ഷണവും കൃത്യമായി ഉറപ്പ് വരുത്തണം.

ഉഷ്ണതരംഗം പ്രധാന വിഷയമാക്കി പ്രത്യേക വാർഡ് സഭകൾ, കൺവെൻഷനുകൾ എന്നിവ ചേർന്ന് പൊതുചർച്ച ഉണ്ടാകണം. വഴിയോരക്കച്ചവടക്കാർ, വ്യാപാരികൾ എന്നിവർക്കും ജാഗ്രത നൽകുകയും ഇവർക്കാവശ്യമായ കുടിവെള്ള ലഭ്യതയ്ക്ക് സമീപ ഹോട്ടലുകളുമായി സഹകരിക്കാവുന്നതുമാണ്. കിടപ്പ് രോഗികൾ, പ്രായമായവർ എന്നിവർക്ക് വീടിനുള്ളിലും പ്രത്യേക ശ്രദ്ധ ഇക്കാലയളവിൽ ഉണ്ടാകണം. ആശ, ആരോഗ്യപ്രവർത്തകരെ ഉപയോഗിച്ച് ഒരു നിരീക്ഷണ ടീം രൂപീകരിക്കുകയും ഇവരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്യേണ്ടതാണ്. പാലിയേറ്റീവ് കെയർ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക നിർദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട് നൽകണം. വീടില്ലാതെ താമസിക്കുന്നവരുടെ കാര്യത്തിൽ പ്രത്യേക ജാഗ്രത ഉണ്ടാകണമെന്നും ഇവർക്ക് ആവശ്യമായ അഭയം നൽകേണ്ട സാഹചര്യത്തിൽ അത് പരിഗണിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

തണലുള്ളതും വൃക്ഷങ്ങളുള്ളതുമായ പാർക്കുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ഇക്കാലയളവിൽ പൊതുജനങ്ങൾക്ക് വിശ്രമിക്കുന്നതിനായി തുറന്നു നൽകണം. താപനില അളക്കാൻ കഴിയുന്ന മാപിനികൾ വ്യാപകമാക്കുകയും അവ നിരീക്ഷിച്ച് തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. തദ്ദേശീയ, പരമ്പരാഗത അറിവുകൾ പ്രാദേശികമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്. ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളാകണം ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ടത്. ഹരിത ഇടങ്ങൾ സൃഷ്ടിച്ചും നഗരാസൂത്രണ രേഖയിലടക്കം കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടുത്തിയും ഗ്രീൻ സാങ്കേതിക വിദ്യ, കൂൾ റൂഫിംഗ് കെട്ടിട നിർമ്മാണ രീതികൾ എന്നിവ പിൻതുടരുകയും ചെയ്യണം. കാർബൺ ബഹിർഗമനം പരമാവധി കുറച്ചും തണൽ മരങ്ങൾ വ്യാപകമായി നട്ടുവളർത്തിയും ഏകോപിതമായ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

സെക്രട്ടേറിയറ്റ് നോർത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ മന്ത്രിമാരായ കെ രാജൻ, കെ. എൻ ബാലഗോപാൽ, വി ശിവൻ കുട്ടി, വീണാ ജോർജ്, എ. കെ ശശീന്ദ്രൻ, ജെ ചിഞ്ചുറാണി, ഡോ. ആർ ബിന്ദു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, വിവിധ വകുപ്പ് മേധാവികൾ, ദുരന്തനിവാരണ മെമ്പർ സെക്രട്ടറി ശേഖർ കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു.


ഉഷ്ണതരംഗ സാധ്യത തുടരുന്ന സാഹചര്യം, മഴക്കാല പൂർവ്വ ശുചീകരണം, ആരോഗ്യജാഗ്രത-പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

# കേരളത്തെ ടാലൻറ് ക്യാപ്പിറ്റലാക്കുന്നതിൽ വിജ്ഞാന മേഖല സംരംഭമായ 'മ്യൂലേണിന്' നിർണായക പങ്ക്: മുഖ്യമന്ത്രി ജിടെക് മ്യൂലേണിൻെറ 'പെർമ്യൂട്ട് 2025' ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: വ്യവസായ അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ് ഫോമായ മ്യൂലേണിന് സംസ്ഥാന സർക്കാരുമായി ചേർന്ന് കേരളത്തെ രാജ്യത്തിൻറെ ടാലൻറ് ക്യാപ്പിറ്റലാക്കുന്നതിൽ നിർണായക പങ്ക് വഹിക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിജ്ഞാന വ്യവസായത്തിൽ കേരളത്തെ മുൻപന്തിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) സംഘടിപ്പിച്ച രാജ്യത്തെ ഏറ്റവും വലിയ നൈപുണ്യ വികസനശേഷി ഉച്ചകോടികളിലൊന്നായ 'പെർമ്യൂട്ട് 2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾക്ക് വ്യവസായ മേഖലയിലെ മാർഗനിർദേശകരുമായി സൗജന്യമായി സംവദിക്കുന്നതിനുള്ള വേദിയാണ് മ്യൂലേൺ.

ജിടെക് സംരംഭമായ മ്യൂലേൺ ഈ മേഖലയിലെ നാഴികക്കല്ലാണെന്നും ഇത്തരം പദ്ധതികളിലൂടെ രൂപപ്പെടുന്ന നൂതനാശയങ്ങൾ ചർച്ചകൾക്ക് ശേഷം നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള ലേണിംഗ് പ്ലാറ്റ് ഫോമായ മ്യുലേണിൻറെ പുതിയ പതിപ്പായ മ്യൂലേൺ 4.0 യുടെ പ്രകാശനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു.

സംസ്ഥാനത്തെ 80 ശതമാനത്തിലധികം ഐടി പ്രൊഫഷണലുകളെയും ഉൾക്കൊള്ളുന്ന 250 ലധികം ഐടി കമ്പനികളുടെ കൂട്ടായ്മയാണ് ജിടെക്.

കഴിവുകൾ തിരിച്ചറിയുന്നതിനും നവീകരണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും 'പെർമ്യൂട്ട് 2025' ഗുണകരമാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. യുവാക്കൾക്കിടയിലെ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് 2016 ൽ സ്റ്റാർട്ടപ്പ് നയം നടപ്പാക്കിയത്. കഴിഞ്ഞ 9 വർഷക്കാലം കൊണ്ട് 6200 ലധികം സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുകയും 5800 കോടിയുടെ നിക്ഷേപം ആകർഷിക്കാൻ സാധിക്കുകയും ചെയ്തു. 60,000 തൊഴിലവസരങ്ങളും സൃഷ്ടിക്കാനായി.

ഇന്ന് രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാകാൻ കേരളത്തിന് കഴിഞ്ഞെന്നും മുഖ്യമന്ത്രി പറഞ്ഞു. 2022 ലെ സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ കേരളം ടോപ് പെർഫോർമറായി. ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോർഡബിൾ ടാലൻറ് റാങ്കിംഗിൽ കേരളം ഏഷ്യയിൽ ഒന്നാം സ്ഥാനത്തെത്തി. 2021-23 കാലഘട്ടത്തിൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൻറെ വളർച്ച ആഗോള ശരാശരിയിൽ 46 ശതമാനം മാത്രമായിരുന്നപ്പോൾ കേരളത്തിൻറെ വളർച്ച 254 ശതമാനം ആയിരുന്നെന്നും സർക്കാരിൻറെ ശക്തമായ ഇടപെടലുകളായിരുന്നു ഇനിന് പിന്നിലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സേവനാധിഷ്ഠിത വ്യവസായങ്ങൾക്ക് പുറമേ സംസ്ഥാനത്തെ ഉത്പാദന മേഖലയിലും വികസനം ആവശ്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. 2000 ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത 'പെർമ്യൂട്ട് 2025' പരിപാടിയിൽ ലഹരി രഹിത കേരളം പ്രചരണത്തിന് പ്രാധാന്യം നൽകിയതിനെ മുഖ്യമന്ത്രി പ്രശംസിച്ചു.

നൈപുണ്യത്തിൻറെ പുതിയ മാനദണ്ഡമായ ഇരുപത് ലക്ഷം കർമ്മ പോയിൻറ് നേടിയ സ്ഥാപനങ്ങൾക്കുള്ള 'ടു മില്യൺ കർമ്മ പോയിൻറ്സ് മൈൽസ്റ്റോൺ' അവാർഡ് തിരുവനന്തപുരം മാർ ബസേലിയോസ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി കോളേജിനും പാലാ സെൻറ് ജോസഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി കോളേജിനും മുഖ്യമന്ത്രി സമ്മാനിച്ചു.

ടോപ്പ് 100 കോഡർ അവാർഡ് എസ് ബി ഗോവിന്ദും കൃത്രിമ കാലുമായി ഏറ്റവും ഉയരത്തിൽ നിന്നും സോളോ സ്കൈ ഡൈവ് നടത്തിയ പ്രായം കുറഞ്ഞ വ്യക്തി എന്ന ലോക റെക്കോർഡ് കരസ്ഥമാക്കിയ ശ്യാംകുമാർ എസ് എസ് എന്നിവരും മുഖ്യമന്ത്രിയിൽ നിന്ന് ബഹുമതികൾ സ്വീകരിച്ചു.

ഐടി, ഐടിഇഎസ് മേഖലയുടെ ഊർജ്ജിതമായ വളർച്ചയ്ക്കായി മികച്ച കഴിവുള്ളവരെ തയ്യാറാക്കുക എന്നതാണ് 'പെർമ്യൂട്ട് 2025' കൊണ്ട് ലക്ഷ്യമിടുന്നതെന്ന് ജിടെക് ചെയർമാനും ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസ് പറഞ്ഞു. വ്യവസായ-അക്കാദമിക മേഖലകൾ തമ്മിലുള്ള അന്തരം കുറയ്ക്കാനാണ് മ്യൂലേൺ പരിശ്രമിക്കുന്നത്. ആഗോളതലത്തിൽ കഴിഞ്ഞവർഷം സാങ്കേതിക മേഖലയുടെ വളർച്ച 5.2 ട്രില്യൺ ഡോളറായിരുന്നു. ഈ വർഷം പത്ത് ശതമാനം വളർച്ച കൈവരിച്ച് 5.9 ട്രില്യൺ ഡോളറാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ വർഷം രാജ്യത്തെ ഐടി വ്യവസായം 282 ബില്യൺ യുഎസ് ഡോളറിൽ എത്തിച്ചേരും. അടുത്തവർഷം ഇത് 300 ബില്യൺ ഡോളറിലെത്തും.

രാജ്യങ്ങൾ തമ്മിലുള്ള സഹകരണം കുറയുന്നതും നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വങ്ങളും ഭാവിയിൽ വെല്ലുവിളി ഉയർത്തിയേക്കുമെന്നും വി കെ മാത്യൂസ് അഭിപ്രായപ്പെട്ടു. മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനുള്ള വേദിയായിരിക്കും മ്യൂലേണെന്നും പ്രത്യേക വ്യവസായ മേഖലകളിൽ മാർഗ നിർദേശവും പരിശീലനവും നൽകി ഉദ്യോഗാർത്ഥികളുടെ പ്രതിഭകൾ മെച്ചപ്പെടുത്തിയെടുക്കുന്നതിനുള്ള പ്ലാറ്റ് ഫോമായി മ്യൂലേൺ പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മ്യൂലേൺ സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്ക് ആശയങ്ങൾ നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ലഭിക്കുമെന്ന് മ്യൂലേൺ 4.0 യെ സംബന്ധിച്ചുള്ള അവതരണത്തിൽ മ്യൂലേൺ ചീഫ് വോളൻറിയറും ഫയ എംഡിയുമായ ദീപു എസ് നാഥ് പറഞ്ഞു. മെറ്റയുടെ ഗ്ലോബൽ ഹാക്കത്തോൺ വിജയികളായ 200 പേരിൽ 27 പേർ മ്യൂലേണിൻറെ വിദ്യാർത്ഥികളായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.കെ-ഡിസ്ക് മെമ്പർ സെക്രട്ടറി പി വി ഉണ്ണികൃഷ്ണൻ, ടാറ്റ എൽക്സി സെൻറർ ഹെഡും ജിടെക് സെക്രട്ടറിയുമായ ശ്രീകുമാർ, ഗൂഗിൾ ഡെവലപ്പർ റിലേഷൻസ് ഡോ. കാർത്തിക് പത്മനാഭൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ ശിവപ്രസാദ്, എടിഎഫ്ജി, ജിടെക് കൺവീനർ സിന്ധു പിള്ള എന്നിവർ സംസാരിച്ചു.

ഭാവിയിലേക്കുള്ള ടാലൻറ് ബാങ്ക് സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ അക്കാദമിക, വ്യവസായ, നൈപുണ്യ വികസന ഏജൻസികൾ, വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ എന്നിവരെ മ്യൂലേൺ ഒരുമിച്ച് കൊണ്ടുവരും. 2,000 ത്തിലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ അനാവരണം ചെയ്യുന്ന എക്സ്പോയും ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.




*ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) സംഘടിപ്പിച്ച നൈപുണ്യ വികസനശേഷി ഉച്ചകോടിയായ 'പെർമ്യൂട്ട് 2025' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ജിടെക് ചെയർമാനും ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, മ്യൂലേൺ ചീഫ് വോളൻറിയറും ഫയ എംഡിയുമായ ദീപു എസ് നാഥ്, ഗൂഗിൾ ഡെവലപ്പർ റിലേഷൻസ് ഡോ. കാർത്തിക് പത്മനാഭൻ, എടിഎഫ്ജി, ജിടെക് കൺവീനർ സിന്ധു പിള്ള എന്നിവർ സമീപം.*

# ലഹരിവിമുക്തരുടെ വിവരങ്ങൾ പൊലീസിന് കൈമാറില്ല: സൈക്യാട്രിക് സൊസൈറ്റി

കോഴിക്കോട്: ലഹരി വിമുക്തരുടെ വിവരങ്ങൾ പൊലീസിന് നൽകാനാവില്ലെന്ന് ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി കേരള ഘടകം. ഇത്തരം വിവരങ്ങൾ തേടുന്നത് പൊലീസ് അവസാനിപ്പിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. വിവരങ്ങൾക്കായി സൈക്യാട്രിസ്റ്റുകൾക്ക് പൊലീസ് നോട്ടീസ് നൽകുന്ന സാഹചര്യത്തിലാണ് സംഘടനയുടെ പ്രതികരണം.

സമീപകാലത്ത് നിരവധിപേർ ലഹരിയിൽ നിന്ന് മുക്തിതേടി മാനസികരോഗ വിദഗ്ധരെ സമീപിക്കുന്നുണ്ട്. ചികിത്സ കഴിഞ്ഞ് മടങ്ങിയവരുടെ പേര്, വയസ്, വിലാസം എന്നിവ അറിയിക്കണമെന്നാണ് പൊലീസ് ആവശ്യം. മാനസികാരോഗ്യ സംരക്ഷണ നിയമ പ്രകാരം രോഗിയുടെ ചികിത്സാ വിവരങ്ങളും സ്വകാര്യതയും സംരക്ഷിക്കേണ്ടത് സൈക്യാട്രിസ്റ്റിന്റെ നിയമപരമായ ഉത്തരവാദിത്തമാണെന്നും വിവരങ്ങൾ കൈമാറുന്നത് രോഗിയുടെ സ്വകാര്യതയുടെ ലംഘനമാണെന്നും സൈക്യാട്രിക് സൊസൈറ്റി സെക്രട്ടറി ഡോ. അനീസ് അലി പറഞ്ഞു. ചികിത്സ തേടുന്ന വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ പൊലീസിന് കൈമാറണമെന്നുണ്ടെങ്കിൽ അത് ചികിത്സയ്ക്കെത്തുന്നവരെ തുടക്കത്തിൽ തന്നെ അറിയിക്കാൻ ബാധ്യതയുണ്ട്. അങ്ങനെ വന്നാൽ ചികിത്സ തേടാതിരിക്കാൻ സാധ്യതയുണ്ട്. തങ്ങൾ പൊലീസ് പിടിയിലോ നിരീക്ഷണത്തിലോ ആവുമെന്ന ചിന്ത ചികിത്സ തന്നെ വേണ്ടെന്നുവയ്ക്കാൻ പ്രേരിപ്പിക്കും. ഇത് വലിയ സാമൂഹ്യ പ്രതിസന്ധിയിലേക്ക് വഴിതുറക്കും. ചികിത്സയെടുക്കാതെ പോകുന്ന ലഹരിക്ക് അടിമപ്പെട്ടവർ നിരവധി കുറ്റകൃത്യങ്ങൾ ചെയ്തതായി സമീപകാലത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യവും ഡോക്ടർമാർ ചൂണ്ടിക്കാട്ടുന്നു.

ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവിടാനുള്ള ഉത്തരവിടാൻ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്, കേന്ദ്ര മാനസികാരോഗ്യ അതോറിട്ടി, ഹൈക്കോടതി, സുപ്രീം കോടതി, പ്രത്യേക അധികാരമുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമാണ് അധികാരമുള്ളത്. ഇതിനകം ലഭിച്ച കത്തുകൾക്ക് മറുപടി നൽകാത്തത് നിയമാനുസൃതമായ നടപടിയായി കണക്കാക്കാവുന്നതാണെന്നും ഇവർ പറയുന്നു.

മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ പൊലീസിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. ലഹരിക്ക് അടിമപ്പെട്ട ആളുകൾക്ക് വൈദ്യ സഹായം നൽകുന്നതിൽ പൊലീസുമായി സഹകരിച്ച് പ്രവർത്തിക്കുമെന്നും ഓപറേഷൻ ഡി - ഹണ്ടിന് പൂർണ പിന്തുണ നൽകുമെന്നും ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി ഭാരവാഹികൾ പറഞ്ഞു.

## അസാപ് കേരളയിലൂടെ മുൻനിര മൾട്ടിനാഷണൽ കമ്പനികളിൽ തൊഴിലവസരങ്ങൾ

ജാപ്പനീസ് എൻ4 സർട്ടിഫിക്കേഷനുള്ള ബി.ടെക് ബിരുദധാരികൾക്ക് മുൻനിര മൾട്ടിനാഷണൽ കമ്പനികളിൽ തൊഴിലവസരങ്ങളുമായി അസാപ് കേരള. 2023-2024, 2024-2025 അധ്യയന വർഷങ്ങളിൽ ബിടെക് പഠനം പൂർത്തിയാക്കിയവർക്ക് ഇതിലേക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ http://tiny.cc/JLPTregisteration എന്ന ലിങ്കുവഴി ഏപ്രിൽ 1 ന് രാവിലെ 11 ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 9495999740, 9495999605.

## സാനിറ്റേഷൻ സ്റ്റാഫ് : കരാർ അടിസ്ഥാനത്തിൽ നിയമനം

കേരള വനം വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ പ്രവർത്തിക്കുന്ന ആന പുനരധിവാസ കേന്ദ്രത്തിൽ സാനിറ്റേഷൻ സ്റ്റാഫ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.വിശദവിവരങ്ങൾ കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി ഏപ്രിൽ 15 ആണ്.

## സ്വീപ്പർ തസ്തികയിൽ താൽകാലിക അടിസ്ഥാനത്തിൽ നിയമനം നടത്തും

സ്കോൾ-കേരള സംസ്ഥാന ഓഫീസിലെ സ്വീപ്പർ തസ്തികയിലെ ഒരു ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എട്ടാം തരം വിജയിച്ച, ശാരീരിക ക്ഷമതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 2025 ജനുവരി 1 ന് 18 വയസ്സിനും 58 വയസ്സിനും ഇടയിലായിരിക്കണം. നിർദ്ദിഷ്ട യോഗ്യതയുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബയോഡാറ്റ സഹിതം ഏപ്രിൽ 15 വൈകുന്നേരം 5 മണിക്കകം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ ലഭിക്കും വിധം നേരിട്ട് സമർപ്പിക്കുകയോ സ്പീഡ് / രജിസ്റ്റേർഡ് പോസ്റ്റിൽ അയക്കുകയോ ചെയ്യണം.

അപേക്ഷ അയക്കുന്ന കവറിനുപുറത്ത് 'സ്കോൾ-കേരള സ്വീപ്പർ നിയമനത്തിനുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തിയിരിക്കണം. ഈ അറിയിപ്പ് പൂർണ്ണമായോ ഭാഗികമായോ റദ്ദാക്കാനുള്ള അധികാരം സ്കോൾ കേരളയിൽ നിക്ഷിപ്തമായിരിക്കും.

## സമ്മർ ബമ്പർ ഭാഗ്യശാലിയെ അറിയാൻ 3 ദിവസം കൂടി

സംസ്ഥാന ഭാഗ്യക്കുറിയുടെ ഇപ്രാവശ്യത്തെ സമ്മർ ബമ്പർ ഭാഗ്യശാലിയെ അറിയാൻ ഇനി മൂന്നു നാളുകൾ കൂടി മാത്രം. ഒന്നാം സമ്മാനമായി 10 കോടി രൂപ നൽകുന്ന ബി ആർ 102 സമ്മർ ബമ്പർ ഏപ്രിൽ രണ്ടിന് ഉച്ചതിരിഞ്ഞ് രണ്ടു മണിയ്ക്ക് നറുക്കെടുക്കും.

ആകെ 36 ലക്ഷം ടിക്കറ്റുകളാണ് വിതരണത്തിനായി എത്തിച്ചത്. ഇതിൽ മാർച്ച് 29 ഉച്ചതിരിഞ്ഞ് മൂന്നു മണി വരെ 35,23,230 ടിക്കറ്റുകൾ വിറ്റു പോയി.7,90,200 ടിക്കറ്റുകൾ വിറ്റ് പാലക്കാടും 4,73,640 ടിക്കറ്റുകൾ വിറ്റ് തിരുവനന്തപുരവും 4,09,330 ടിക്കറ്റുകൾ വിറ്റ് തൃശൂർ ജില്ലയും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലുണ്ട്. 50 ലക്ഷം രൂപ രണ്ടാം സമ്മാനമുള്ള ബമ്പറിന് 500 രൂപയിൽ വരെ അവസാനിക്കുന്ന ആകർഷകമായ സമ്മാനഘടനയാണുള്ളത്. 250 രൂപയാണ് ബമ്പർ ടിക്കറ്റിന്റെ വില.

## അതിവർഷാനുകൂല്യം: രണ്ടാം ഗഡു ഏപ്രിലിൽ വിതരണം ചെയ്യും

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിൽ 2018 മാർച്ച് വരെ അതിവർഷാനുകൂല്യത്തിന് അപേക്ഷിക്കുകയും ഒന്നാം ഗഡു ലഭിക്കുകയും ചെയ്തവർക്കുള്ള ബാക്കി തുക ഏപ്രിൽ മാസത്തിൽ വിതരണം ചെയ്യും. ഒന്നാം ഗഡു വാങ്ങിച്ചതിന് ശേഷം മരണപ്പെട്ട് പോയവരുടെ നോമിനി മരണസർട്ടിഫിക്കറ്റ്, ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നോമിനിയുടെ ആധാർകാർഡ്, ബാങ്ക് പാസ്ബുക്ക് തുടങ്ങിയ രേഖകൾ ജില്ലാ ഓഫീസിൽ ഹാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471 2729175.

## ആർ.ഐ.എം.സി യോഗ്യതാ പരീക്ഷ : അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നീട്ടി

ഡെറാഡൂണിലെ രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കോളേജിലേക്കുള്ള (ആർ.ഐ.എം.സി) പ്രവേശനത്തിനുള്ള യോഗ്യതാപരീക്ഷയുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 15 വരെ നീട്ടി. മേൽ സൂചിപ്പിച്ച തീയതിക്ക് മുൻപായി വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ സഹിതം സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിലേക്ക് അപേക്ഷകൾ അയക്കണം.

## ശാരീരികവെല്ലുവിളികൾ നേരിടുന്ന യുവജനങ്ങൾക്കായി ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സുമായി അസാപ്കേരളയും ടെറുമോ പെൻപോളും

തിരുവനന്തപുരം ജില്ലയിലെ ശാരീരികവെല്ലുവിളികൾ നേരിടുന്ന യുവജനങ്ങൾക്കായി ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സുമായി അസാപ്കേരളയും ടെറുമോ പെൻപോളും. അസാപ് കേരളയും ഐ ഹൈവ് ടെക്നോളജീസും സംയുതമായ് രൂപകല്പനചെയ്തിരിക്കുന്ന പ്ലേസ്മെന്റ് സഹായതോടുകൂടിയ 120 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് ടെറുമോ പെൻപോളിന്റെ സിഎസ്ആർ ഫണ്ട് വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. ജില്ലയിൽനിന്നുള്ള 25 പേർക്കാണ് അവസരം ലഭിക്കുന്നത്.

തിരുവനന്തപുരം കഴക്കൂട്ടത്തുള്ള അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് (സിഎസ്പി) യിൽവച്ച് നടന്ന ചടങ്ങ് ടെറുമോ പെൻപോൾ സിഎസ്ആർ ചീഫ് ഹെഡ് ഗോവിന്ദ് രഘു ഉൽഘാടനം ചെയ്തു. വിദ്യാർത്ഥികൾ അവസരം ഫലവത്തായ രീതിയിൽ വിനിയോഗിക്കണമെന്നും, ഇതിന് മാതാപിതാക്കൾ എല്ലാ സഹായവും ലഭ്യമാക്കണമെന്നും ഈ ചടങ്ങിൽ അധ്യക്ഷത വഹിച്ച അസാപ് കേരള ഫണ്ടിംഗ് വിഭാഗം മേധാവി വിനോദ് ശങ്കറും ട്രെയിനിങ് വിഭാഗം മേധാവി കൗശൽ ജായും അഭിപ്രായപ്പെട്ടു.

## പ്രിൻസിപ്പൽ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രതിമാസം 20,000 രൂപ ഹോണറേറിയത്തിൽ ഒരു വർഷം കരാർ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രിൻസിപ്പൽ / സെലക്ഷൻ ഗ്രേഡ് ലക്ചറർ / സീനിയർ ഗ്രേഡ് ലക്ചറർ തസ്തികകളിൽ വിരമിച്ചവർക്ക് അപേക്ഷിക്കാം. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, സ്വയം തയ്യാറാക്കിയ അപേക്ഷ എന്നിവ സഹിതം ഏപ്രിൽ 15 ന് വൈകുന്നേരം 5 നകം ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, മ്യൂസിയം-നന്ദാവനം റോഡ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2737246.

## മാർച്ചിലെ റേഷൻ ഏപ്രിൽ 3 വരെ വിതരണം ചെയ്യും

മാർച്ച് മാസത്തെ റേഷൻ വിതരണം ഏപ്രിൽ 3 വരെ നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ അറിയിച്ചു. ഏപ്രിൽ 4 ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ കടകൾ അവധിയായിരിക്കും. 5 മുതൽ ഏപ്രിലിലെ റേഷൻ വിതരണം ആരംഭിക്കും.

സംസ്ഥാനത്ത് മാർച്ച് 29 വരെ 75 ശതമാനം കാർഡ് ഉടമകൾ റേഷൻ കൈപ്പറ്റി. മാർച്ച് മാസത്തെ റേഷൻ വിഹിതം കൈപ്പറ്റാനുള്ള എല്ലാ കാർഡ് ഉടമകളും തങ്ങളുടെ വിഹിതം ഏപ്രിൽ 3 നകം കൈപ്പറ്റണമെന്ന് മന്ത്രി അറിയിച്ചു.

## ഏജൻസി സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം പാളയംകുന്ന് പോസ്റ്റോഫീസ് മുഖേന മഹിളാപ്രധാൻ ഏജന്റായി പ്രവർത്തിക്കുന്ന ബിന്ദു. കെ.ആറിന്റെ ഏജൻസി അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ബിന്ദു കെ.ആർ.-ന്റെ ഏജൻസി മുഖേന പാളയംകുന്ന് പോസ്റ്റോഫീസിൽ ആർ.ഡി. നിക്ഷേപം നടത്തുന്ന നിക്ഷേപകർ പാളയംകുന്ന് പോസ്റ്റോഫീസുമായി ബന്ധപ്പെട്ട് തങ്ങളുടെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പവരുത്തണമെന്ന് ദേശീയ സമ്പാദ്യപദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

പരാതിയുള്ളവർ വർക്കല ബ്ലോക്ക് ഓഫീസുമായി ബന്ധപ്പെടണം. ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ബിന്ദു കെ. ആറുമായി യാതൊരുവിധ പണമിടപാടും നടത്താൻ പാടില്ലെന്നും അറിയിച്ചിട്ടുണ്ട്. മഹിളാപ്രധാൻ ഏജന്റുമാരുമായി ബന്ധപ്പെട്ട പരാതികൾ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറെ അറിയിക്കാം. ഫോൺ : 0471 - 2478731.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പ്രളയ മുന്നറിയിപ്പ് സംവിധാനം ഒരുക്കാൻ ഒരുകോടി അനുവദിച്ചു: മന്ത്രി റോഷി അഗസ്റ്റിൻ

## *വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിഞ്ഞ് പ്രവൃത്തിക്കാൻ കഴിയും

തിരുവനന്തപുരം: വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ കൃത്യസമയത്തു നൽകുന്ന ഫ്ലഡ് ഏർലി വാണിങ് പ്രോഗ്രാമിന്റെ ഭാഗമായുള്ള തത്സമയ വിവര ശേഖരണ സംവിധാനം (റിയൽ ടൈം ഡേറ്റ അക്വിസിഷൻ സിസ്റ്റം മെഷീനറി) സ്ഥാപിക്കുന്നതിന് വേണ്ടി ഒരുകോടി രൂപ അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. പ്രളയ സാധ്യത കൂടിയ എട്ട് ജില്ലകളിലെ 11 സ്ഥലങ്ങളിലാകും സംവിധാനം ഒരുക്കുക. കോട്ടയം ജില്ലയിലെ തീക്കോയി, വയനാട് ജില്ലയിലെ പനമരം, തോണിക്കടവ്, പത്തനംതിട്ട ജില്ലയിലെ കല്ലേലി, പന്തളം, കൊല്ലം ജില്ലയിലെ പുനലൂർ, തെന്മല ഡാം, കണ്ണൂർ ജില്ലയിൽ രാമപുരം, കാസർകോട് ജില്ലയിൽ ചിറ്റാരി, മലപ്പുറം ജില്ലയിൽ തിരൂർ, കോഴിക്കോട് ജില്ലയിൽ കല്ലായി എന്നിവിടങ്ങളിലാണ് സംവിധാനം ഒരുക്കുക. ജലവിഭവ വകുപ്പിനു പുറമേ കെഎസ്ഇബിയുമായി കൂടി ചേർന്നാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കേരളത്തിൽ 2018, 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ വെള്ളപ്പൊക്കങ്ങളാണ് ഇത്തരമൊരു സംവിധാനത്തിന്റെ ആവശ്യകത അനിവാര്യമാക്കിയത്. തുടർന്നാണ് നദികൾ അടക്കം 11 സ്ഥലങ്ങളിൽ ഫലപ്രദമായ ഡാറ്റാ ശേഖരണ സംവിധാനം സ്ഥാപിക്കാൻ തീരുമാനിച്ചത്. ഇതിലൂടെ വിവിധ നദികളിലെ ജലനിരപ്പ്, മഴയുടെ അളവ്, മറ്റു കാലാവസ്ഥാ ഘടകങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ തത്സമയം ലഭ്യമാകും. അതിലൂടെ സംസ്ഥാനത്തെ വിവിധ നദികളിലെ വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിയാനും കഴിയും. അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കും

തിരുവനന്തപുരം: മോഡി സർക്കാരിന്റെ തൊഴിലാളി-കർഷകവിരുദ്ധ നയങ്ങൾക്കും പൊതുമേഖല സ്വകാര്യവൽക്കരണത്തിനും എതിരെ ദേശീയ ട്രേഡ് യൂണിയനുകൾ ആഹ്വാനംചെയ്ത മേയ് 20ലെ അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കാൻ തിരുവനന്തപുരത്ത് ചേർന്ന ട്രേഡ് യൂണിയനുകളുടെ സംയുക്ത യോഗം തീരുമാനിച്ചു.

തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾ പിൻവലിക്കുക, പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുന്നത് അവസാനിപ്പിക്കുക, സ്കീം വർക്കേഴ്സിനെ തൊഴിലാളികളായി അംഗീകരിക്കുക, ഭരണഘടനയെ തകർക്കുന്ന നിലപാടിൽനിന്ന് പിന്തിരിയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്.

ബിഎംഎസ് ഒഴികെയുള്ള എല്ലാ ദേശീയ ട്രേഡ് യൂണിയനുകളും പണിമുടക്കിൽ പങ്കുചേരും. കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ തൊഴിലാളികൾ, ബാങ്ക് ഇൻഷുറൻസ് ജീവനക്കാർ തുടങ്ങിയവരെല്ലാം പങ്കാളികളാകും. പണിമുടക്ക് സംസ്ഥാനത്ത് വൻ വിജയമാക്കാനും സംസ്ഥാന വ്യാപകമായി പ്രചാരണം സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. ഏപ്രിൽ 11ന് തിരുവനന്തപുരത്ത് സംസ്ഥാന കൺവെൻഷൻ ചേരും. ജില്ലാ പ്രാദേശിക തലങ്ങളിലും കൺവെൻഷനുകൾ ചേരും. പണിമുടക്കിന്റെ ഭാഗമായി രാജ്ഭവനിലേക്കും ജില്ലകളിൽ കേന്ദ്ര സർക്കാർ ഓഫിസുകളിലേക്കും തൊഴിലാളി മാർച്ച് നടത്തുവാനും യോഗം തീരുമാനിച്ചു.

ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ യോഗത്തിൽ അധ്യക്ഷനായി. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം, എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ പി രാജേന്ദ്രൻ എന്നിവർ പണിമുടക്കിനെ സംബന്ധിച്ച് വിശദീകരിച്ചു. 14 ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

## സ്കോൾ–കേരളയിൽ സമ്മർ ക്യാമ്പ്

ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ- കേരള അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കും. ഏപ്രിൽ 7, 8, 9, 10 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ പട്ടം ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലാണ് ക്യാമ്പ്.

ക്രിയേറ്റീവ് ഡ്രാമ, സർഗ്ഗാത്മ നിർമ്മാണകല, നാടൻ കളികൾ, ലഹരി വിരുദ്ധ ബോധവൽക്കരണം, മാനസികാരോഗ്യം, സൈബർ സെക്യൂരിറ്റി, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചാണ് ക്യാമ്പ്. പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾ www.scolekerala.org വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2348581, 2342271, 2342950.

## മെക്കാനിക് നിയമനം

മത്സ്യഫെഡ് തിരുവനന്തപുരം ജില്ലാ ഓഫീസിന് കീഴിലെ വിഴിഞ്ഞം ഒ.ബി.എം സർവീസ് സെന്ററിൽ നിലവിലുള്ള ഒരു ഒഴിവിൽ മെക്കനിക്കിനെ നിയമിക്കുന്നതിനായി യോഗ്യതയും തൊഴിൽ പരിചയവുമുള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. ഐ.ടി.ഐ (ഫിറ്റർ, ഇലക്ട്രിക്കൽ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിൽ) യോഗ്യതയുള്ളവരും ഒ.ബി.എം സർവീസിംഗിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തി പരിചയം, നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർ ആണെങ്കിൽ ഒ.ബി.എം സർവീസിംഗിൽ കുറഞ്ഞത് 10 വർഷത്തെ പ്രവർത്തി പരിചയം, ഹൈഡ്രോളിക് പ്രസ്സിങ്ങ് മെഷീൻ ഉപയോഗിച്ച് എഞ്ചിന്റെ ക്രാങ്ക് സെറ്റ് ചെയ്യുന്നതിനുള്ള പ്രാവീണ്യം എന്നിവയാണ് യോഗ്യത.

ഉദ്യോഗാർഥികൾ അപേക്ഷകൾ അസൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഏപ്രിൽ 10ന് വൈകിട്ട് 4ന് മുമ്പായി മത്സ്യഫെഡിന്റെ തിരുവനന്തുപരം ജില്ലാ ഓഫീസിൽ ജില്ലാ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ താഴെ പറയുന്ന വിലാസത്തിൽ ഹാജരാക്കണം. വിലാസം: ജില്ലാ മാനേജർ, മത്സ്യഫെഡ് ജില്ലാ ഓഫീസ്, മത്സ്യഫെഡ് നെറ്റ് ഫാക്ടറി ബിൽഡിംഗ്, മുട്ടത്തറ, വള്ളക്കടവ് പി.ഒ, തിരുവനന്തപുരം- 695008, ഫോൺ: 8590887012.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2024 നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷയുടെ ഫലം പരീക്ഷാഭവന്റെ https://pareekshabhavan.kerala.gov.in/, http://nmmse.kerala.gov.in/ എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

## ജെ.ഡി.സി. കോഴ്സ്: തീയതി നീട്ടി

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീലന കേന്ദ്രം / കോളേജുകളിൽ ജൂനിയർ ഡിപ്ലോമ ഇൻ-കോ-ഓപ്പറേഷൻ (ജെ.ഡി.സി.) കോഴ്സിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 15 ന് വൈകിട്ട് 5 മണി വരെ നീട്ടി. അപേക്ഷ സമർപ്പിക്കുന്നതിനും വിശദവിവരങ്ങൾക്കും : www.scu.kerala.gov.in.

## ഏപ്രിൽ ഒന്നിന് ട്രഷറികളിൽ ഇടപാടുകൾ ഉണ്ടായിരിക്കില്ല

ഏപ്രിൽ 1ന് സംസ്ഥാനത്തെ ട്രഷറികൾ തുറന്ന് പ്രവർത്തിക്കുമെങ്കിലും ഇടപാടുകൾ ഉണ്ടായിരിക്കുന്നതല്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു.

# ജി.എസ്.ടി ആംനെസ്റ്റി സ്കീം : നികുതി അടയ്ക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 31

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ വകുപ്പ് 73 പ്രകാരം ചുമത്തിയ പിഴയും പലിശയും ഒഴിവാക്കുന്നതിനുള്ള ആംനെസ്റ്റി സ്കീം അനുസരിച്ച് നികുതി അടയ്ക്കുന്നതിനുള്ള അവസാന തീയതി 2025 മാർച്ച് 31 ആണ്.

പ്രസ്തുത സാഹചര്യത്തിൽ നികുതിദായകരുടെ സഹായത്തിനും സംശയനിവാരണത്തിനുമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അവധി ദിവസങ്ങളായ മാർച്ച് 30 നും, 31 നും ഹെല്പ് ഡെസ്കുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്. ബന്ധപ്പെട്ട നികുതിദായകർ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേർന്നു

2026-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക ശുദ്ധീകരിക്കുന്നതിനും നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഏപ്രിൽ 1 അടിസ്ഥാനമാക്കി സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞം നടത്തുന്നതിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനുമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ യോഗം ചേർന്നു.മാർച്ച് 6 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയ്ക്ക് ശേഷം ഫോം 6, 6എ, 7, 8 എന്നിവയിലായി 2 ലക്ഷത്തിലധികം ഫോമുകൾ ലഭ്യമായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. മാർച്ച് 28 ലെ കണക്കനുസരിച്ച് കേരളത്തിൽ 2,78,08,252 വോട്ടർമാരാണുള്ളത്.

2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശാനുസരണം സംസ്ഥാന മൊട്ടാകെ പ്രത്യേക ശുദ്ധീകരണ യജ്ഞം തുടങ്ങി. 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലെ 25,409 പോളിംഗ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്.അംഗീകൃത രാഷ്ട്രീയ പാർട്ടികളുമായി ജില്ലാ നിയമസഭാ മണ്ഡല തലത്തിൽ യോഗം നടത്തി. രാഷ്ട്രീയ പാർട്ടികളുമായി ജില്ലാ തലത്തിൽ 26 യോഗങ്ങളും നിയമസഭാ തലത്തിൽ 167 യോഗങ്ങളും കൂടുകയുണ്ടായി.

